LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം തേനി റോഡിൽ പതിയിരിക്കുന്ന അപകടങ്ങൾ

150(2791) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി റോഡിൽ തഴക്കര പഞ്ചായത്തിലെ മാങ്കാംകഴി-പാറക്കുളങ്ങരയിൽ നിരന്തരമായി അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ റോഡിന്റെ വശങ്ങളിൽ സംരക്ഷണവേലി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സംരക്ഷണവേലി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) കൊല്ലം-തേനി ദേശീയപാതയുടെ ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കൊല്ലക്കടവ് വരെയുള്ള ഭാഗത്ത് 500 മീറ്റർ നീളത്തിൽ ക്രാഷ് ബാരിയർ ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ പ്രവൃത്തികൾക്ക് 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയതിന് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

ചേലക്കര ബൈപ്പാസ് നിർമ്മാണം

151(2792) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതിക്കുവേണ്ടി ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളതായി അറിയാമോ ;

(ബി) വർഷങ്ങൾക്ക് മുൻപ് ഭരണാനുമതി നൽകുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തി വന്നതുമായ ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് പറയാമോ;

(സി) നിലവിലുള്ള റോഡിൽ വർദ്ധിച്ചുവരുന്ന ഗതാഗത തടസ്സങ്ങളും അപകട മരണങ്ങളും പരിഹരിക്കുന്നതിന് നടപ്പുസാമ്പത്തികവർഷം തന്നെ ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചേലക്കര ബൈപ്പാസ് നിർമ്മാണത്തിനുള്ള 2500 ലക്ഷം രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ബി&സി) ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.